# എനിക്ക് ചിരിക്കണം



മധു നായർ, ന്യൂയോർക്ക്

ആഭാസം കേട്ടു ചിരിക്കാൻ മനസ്സില്ലായെന്നാണ് ശ്രീമതി സുഗതകുമാരി പറയുന്നത്. ഒരു പത്രത്തിൽ വന്ന ലേഖനത്തിൽ എന്റെ പേര് പറഞ്ഞില്ലായെങ്കിലും പരാമർശിച്ച ടെലിവിഷൻ ചർച്ചയിൽ പങ്കെടുത്ത ഏക പുരുഷൻ എന്ന നിലയിൽ ആഭാസവിശേഷണം എന്റെ നേർക്കാണെന്ന് ഞാനനുമാനിക്കുന്നു. രണ്ടു ദശകങ്ങളിലേറെ എന്നെ അടുത്തറിയാവുന്ന സുഗതകുമാരിക്ക്, ശ്ലാഘനീയമായ വിധത്തിൽ രണ്ടു പെൺകുട്ടികളടക്കം മൂന്നു മക്കളെ വളർത്തി, കർമ്മോന്മുഖിയായ ഭിഷഗ്വര ഭാര്യയെ പൊറുപ്പിക്കുന്ന ഞാനിപ്പോൾ ആഭാസനായതിൽ വേദനയുണ്ട്.

രണ്ടു ഭാഗങ്ങളായി ടെലിവിഷനിൽ വന്ന ചർച്ച നേരിൽ കാണാതെ നടത്തിയ ഏതോ കപടസ്ത്രീവാദിനിയാകാം അവരെ ക്ഷോഭാകുലയാക്കിയതെന്നാണ് എന്റെ വിശ്വാസം. ചർച്ചയിൽ വ്യക്തതയോടെ സ്ത്രീകളുടെ വളരെ ഗൗരവമായ പ്രശ്നങ്ങൾ ബോധപൂർവം മറന്നുകൊണ്ട് ആൺപിള്ളേർ ചൂളമടിച്ചു കളിയാക്കുന്ന വിഷയം മാത്രം ഊതി വീർപ്പിക്കുന്നത് ശരിയല്ലെന്നാണ് ഞാൻ വാദിച്ചത്. താരതമ്യേന ലഘുവായ ഈ ശല്യം പെൺപട ഒന്നു കൈ ഉയർത്തിയാൽ തീരുമെന്ന് ഞാൻ പറഞ്ഞതുതന്നെയാണ് സുഗതകുമാരിയും ആഹ്വാനം ചെയ്തിരിക്കുന്നത്. നഗരങ്ങളിലെ പൂവാലശല്യങ്ങൾ നാട്ടിൻപുറ കുടുംബങ്ങളിലെ ബാലികാ പീഡനങ്ങളോടും മദ്യലഹരിയിൽ ഭർത്താക്കന്മാരിൽനിന്നു കിട്ടുന്ന മർദ്ദനങ്ങളോടും തുല്യം ചെയ്യരുതെന്നും ഞാൻ വാദിച്ചു. പൊലീസ് സേനയിൽ പകുതിയോളമെങ്കിലും സ്ത്രീകളുണ്ടാകണമെന്നും ഞാൻ ഊന്നിപ്പറഞ്ഞു. എക്കാലവും സ്ത്രീകളുടെ സ്വാതന്ത്ര്യം വാക്കാലൊതുക്കാതെ പ്രവർത്തിയിൽ കാണിച്ചതിന്റെ ചാരിതാർത്ഥ്യവും എനിക്കവകാശപ്പെടാനാവും.

പല രാജ്യങ്ങളിലും കുറ്റം ചെയ്യുന്നവരെക്കാളും അതിന് പ്രേരണ നൽകുന്നവർ കൂടുതൽ ശിക്ഷാർഹരാകുന്ന നിയമ സംവിധാനമാണുള്ളത്. അമേരിക്കയിൽ കുപ്രസിദ്ധമായ അറബിസ്കാം കേസിൽ കുറ്റകൃത്യം മെനഞ്ഞെടുത്ത എഫ്.ബി. ഐ ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെട്ടു. തെഹൽക്കാ കേസിലിടപെട്ടപ്പോൾ ഇന്ത്യൻ സുപ്രീം കോടതിയും ഇതേ നിലപാട് എടുത്തിട്ടുണ്ട്.

മാധ്യമങ്ങൾക്ക് വാർത്തയുണ്ടാക്കാൻ വേണ്ടി ചന്തമുള്ളൊരു പെണ്ണിനെ രാത്രിയിൽ കവലമുക്കുകളിലെത്തിക്കുകയും വിട്ടുപോകുന്ന ബസുകളിലൊന്നും കയറാതെ ആരെയോ പ്രതീക്ഷിച്ചുനിൽക്കുന്ന നാടകം കളിക്കുകയും ചെയ്താൽ പ്രതികരിക്കാത്ത പുരുഷന്മാരെയല്ലേ നപുംസകങ്ങളെന്നു വിളിക്കേണ്ടതെന്ന് തമാശമട്ടിലാണ് ഞാൻ ടെലിവിഷനിൽ പറഞ്ഞത്. അത് ആഭാസമാകുന്നതെങ്ങനെ?

കുഞ്ചൻനമ്പ്യാരുടെ നാട്ടിൽ ജനിച്ചവർ നർമ്മത്തെ പുച്ഛിക്കരുതാത്തതാണ്. നർമ്മത്തിനല്ല ദോഷത്തിനാണ് മാന്യതയെന്ന് വാദിക്കുന്നതും ഭാരതീയമല്ല. ഗീതയടക്കം ഒരു മതഗ്രന്ഥങ്ങളും ഇങ്ങനെ അനുശാസിക്കുന്നില്ലായെന്നാണ് എന്റെ എളിയ അറിവ്. അമേരിക്കൻ പ്രസിഡന്റിന് പ്രസംഗത്തിലുപയോഗിക്കാൻ തമാശകൾ എഴുതിക്കൊടുക്കുവാനൊരു പട തന്നെയുണ്ട്. മഹാത്മജിയും ശ്രീനാരായണഗുരുവും നർമ്മപ്രിയരായിരുന്നല്ലോ. വട്ടമേശ സമ്മേളനത്തിലും ഉപ്പുസത്യാഗ്രഹത്തിലും ഗാന്ധിജി വിളമ്പിയ നർമ്മങ്ങൾ വിശ്വഖ്യാതി നേടിയില്ലേ? കാർട്ടൂൺ രംഗത്ത് ഇന്ത്യയെ അടക്കിവാഴുന്ന മലയാളി ബഹുമാനിക്കപ്പെടേണ്ടവനല്ലേ? അതിനുപകരം മസിലു പിടിച്ച് ഇന്നും പാഴാകുന്നു. പരിതാപകരം.